ഭരണഭാഷ - മാതൃഭാഷ

By Special messenger.

വിവരാവകാശം-അടിയന്തിരം

**കേരള സർക്കാർ**

നം.888276/ഇൻഫ.2/210/2018/ധന

ധനകാര്യ (ഇൻഫർമേഷൻ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 23.08.2018.

പ്രേഷകൻ

അഡീഷണൽ സെക്രട്ടറി & അപ്പലേറ്റ് അതോറിറ്റി

11632

01 SEP 2018

സ്വീകർത്താവ്

ശ്രീ.സാജൻ എം,
കളക്കോട്ട് കോണത്ത് പുത്തൻ ബംഗ്ലാവ്,
ചിറമുക്ക്, തേക്കട,
വെമ്പായം.പി.ഒ.,
തിരുവനന്തപുരം - 695 615.

സർ,

വിഷയം :- വിവരാവകാശനിയമം 2005 – അപ്പീൽ അപേക്ഷ തീർപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന :- (1) 29.06.2018 ൽ ധനകാര്യ വകുപ്പിൽ ലഭിച്ച താങ്കളുടെ 18.06.2018 തീയതിയിലെ അപേക്ഷ.

(2) 16.07.2018 ലെ ഇതേ നമ്പർ കത്ത്.

(3) 13.08.2018 ൽ ധനകാര്യ വകുപ്പിൽ ലഭിച്ച താങ്കളുടെ 18.06.2018 തീയതിയായുള്ള അപ്പീൽ അപേക്ഷ.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) ലെ താങ്കളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയും ആയതിന് ധനകാര്യ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സൂചന (2) പ്രകാരം നൽകിയ മറുപടിയും മറ്റു ബന്ധപ്പെട്ട ഫയലും രേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും ബോധ്യമായതും ലഭ്യമായതുമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ താങ്കളുടെ അപ്പീൽ അപേക്ഷയ്ക്ക് ചുവടെ പറയും പ്രകാരം മറുപടി നൽകുന്നു.

4 :- 2018-19 സാമ്പത്തിക വർഷം വയോമിത്രത്തിനായി ഡിമാന്റ് നമ്പർ 46-ൽ 2035-60-200-72-07 എന്ന ശീർഷകത്തിൽ 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ശീർഷകത്തിൽ നിന്ന് വിവിധ നിർവഹണ ഏജൻസികൾക്ക് അലോക്കേഷൻ നൽകുന്നത് ടി

ശീർഷകത്തിന്റെ സി.സി.ഓയാണ്. ആയതിനാൽ ടി ശീർഷകത്തിന്റെ സി.സി.ഓ ആയ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നും വിവരങ്ങൾ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം ചട്ടം 6(3) പ്രകാരം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യ നീതി ഡയറക്ടറേറ്റിന് കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർ കത്തിടപാടുകൾ ടി വകുപ്പുമായി നടത്തേണ്ടതാണ് എന്നറിയിക്കുന്നു.

ഇപ്രകാരം മറുപടി നൽകികൊണ്ട് താങ്കളുടെ അപ്പീൽ അപേക്ഷ ധനകാര്യ വകുപ്പിൽ തീർപ്പാക്കിയിരിക്കുന്നു.

വിശ്വസ്തതയോടെ,

എസ്.സുരേഷ് കുമാർ
അഡീഷണൽ സെക്രട്ടറി & അപ്പലേറ്റ് അതോറിറ്റി I,
ധനകാര്യ വകുപ്പ്
ഫോൺ : 0471-2518852

പകർപ്പ് :- സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്
(അപേക്ഷയുടെ പകർപ്പ് സഹിതം)

2647454/2018/FIN( NTPL). RL 058 311 001 IN

From,

സാജൻ.എം,
കളക്കോട്ട് കോണത്ത് പുത്തൻ ബംഗ്ലാവ്,
ചിറമുക്ക്, തേക്കട,
വെമ്പായം പി.ഒ,
തിരുവനന്തപുരം-695 615.
ph. No. 8921276992.

Spio I

FINANCE ...
Tappal No. ......../......../201 /Fin.

COURT FEE Rs.10 INDIA TEN RUPEES

To,

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ധനകാര്യ വകുപ്പ്,
ഗവ:സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

വിഷയം: വിവരാവകാശ നിയമ പ്രകാരം — മറുപടി ലഭിക്കുന്നതിന്

1. സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളിലും വയോമിത്രം പദ്ധതി ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ പ്രൊപ്പോസൽ ഉണ്ടായിരുന്നോ?
2. ബ്ലോക്ക് പഞ്ചായത്തുകളിൽ വയോമിത്രം പദ്ധതി ആരംഭിക്കുന്നതിന് പുറത്തിറക്കിയ സർക്കാർ ഉത്തരവിൻറെ പകർപ്പ് / സർക്കാർ ഉത്തരവ് നമ്പർ?
3. ബ്ലോക്ക് പഞ്ചായത്തുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതിയിൽ കോ-ഓർഡിനേറ്റർ തസ്തികയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ? ഭരണാനുമതി നൽകിയിട്ടുണ്ടോ? നൽകിയതിൻറെ പകർപ്പ് ലഭ്യമാകുമോ?
4. കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയുടെ ബഡ്ജറ്റ് അലോക്കേഷൻ തുക എത്രയെന്ന് അറിയുമോ?

വിശ്വസ്തതയോടെ

Saji

സാജൻ.എം

തിരുവനന്തപുരം
18.06.2018

2772235/2018/FIN(OS)

From,

സാജൻ.എം,

കളക്കോട്ട് കോണത്ത് പുത്തൻ ബംഗ്ലാവ്,

ചിറമുക്ക്, തേക്കട,

വെമ്പായം പി.ഒ,

തിരുവനന്തപുരം-695 615.




To,

ശ്രീ.ജി.അനിൽ കുമാർ,

അഡീഷണൽ സെക്രട്ടറി & അപ്പലേറ്റ് അതോറിറ്റി,

ധനകാര്യ വകുപ്പ്,

ഗവ:സെക്രട്ടറിയേറ്റ്,

തിരുവനന്തപുരം.

വിഷയം: വിവരാവകാശ നിയമം 2005 – അപ്പീൽ അപേക്ഷ

സൂചന: നം : 888276/Inf2/210/2018 ധന.വകുപ്പ് Dtd 16.07.2018

മേൽ സൂചന പ്രകാരം എനിക്ക് വിവരാവകാശ നിയമ പ്രകാരം നൽകിയ മറുപടിയിൽ 4-മത് നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ വ്യക്തത ഉണ്ടായതായി കാണുന്നില്ല. കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയുടെ ബഡ്ജറ്റ് അലോക്കേഷൻ തുക എത്രയെന്ന് അറിയുമോ? എന്ന ചോദ്യത്തിന് വയോമിത്രം പദ്ധതിയുടെ ആകെ അലോക്കേഷൻ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ത്രിതല പഞ്ചായത്തു സംവിധാനത്തിൽ ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പൽ / കോർപ്പറേഷനുകളിൽ വയോമിത്രം പദ്ധതിയുടെ ബഡ്ജറ്റ് അലോക്കേഷൻ തുക ഇനം തിരിച്ച് നൽകുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്ഥതയോടെ

സാജൻ.എം

തിരുവനന്തപുരം

18.06.2018